പത്രക്കുറിപ്പ്
10/01/2019

## കർഷകർക്ക് തുണയായി കുടുംബശ്രീ നാട്ടുചന്തകൾ, 7.75 കോടിയുടെ വിൽപ്പന

- നാട്ടുചന്തകളെക്കുറിച്ചറിയാൻ പ്രത്യേക വെബ്സൈറ്റ് (www.naattuchantha.com)

തിരുവനന്തപുരം: ഉപജീവന മാർഗ്ഗത്തിനായി കൃഷിയെ ആശ്രയിക്കുന്ന കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളായ വനിതകൾക്ക് സ്ഥിര വിപണനം സാധ്യമാക്കുന്ന നാട്ടുചന്തകൾ വഴി ഈ സാമ്പത്തിക വർഷം (2019 ജനുവരി 8 വരെ) 7.75 കോടി രൂപയുടെ വിൽപ്പന. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണസഹകരണത്തോടെ സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലും ആഴ്ചതോറും ഒരു നാട്ടുചന്ത വീതമാണ് സംഘടിപ്പിക്കുന്നത്. 2019 ജനുവരി 8 വരെ 9094 നാട്ടുചന്തകൾ സംഘടിപ്പിച്ചു.. ഏറ്റവും കൂടുതൽ നാട്ടുചന്തകൾ സംഘടിപ്പിച്ച ജില്ല തിരുവനന്തപുരമാണ്. 1387 നാട്ടുചന്തകൾ സംഘടിപ്പിച്ച ജില്ലയിൽ 1.27 കോടി രൂപയുടെ വിൽപ്പനയാണ് ഇതുവഴി നടന്നത്. കേന്ദ്ര പദ്ധതിയായ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എംകെഎസ്പി)യുടെ ഭാഗമായാണ് കുടുംബശ്രീ കാർഷിക മേഖലയിൽ കൂടുതലായും ഇടപെടലുകൾ നടത്തുന്നത്. പദ്ധതിയുടെ കേരളത്തിലെ നോഡൽ ഏജൻസി കുടുംബശ്രീയാണ്.

**എംകെഎസ്പി**

കാർഷിക മേഖലയിൽ സ്ത്രീകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുക, ജൈവകൃഷി പോലുള്ള മാർഗ്ഗങ്ങളിലൂടെ സ്ത്രീകൾക്ക് ഉപജീവനത്തിനായുള്ള വഴി കണ്ടെത്തി നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് എംകെഎസ്പി എന്ന കേന്ദ്ര പദ്ധതി 2011 മുതൽ കേരളത്തിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നത്. ദേശീയ ഗ്രാമീണ ഉപജീവന ദൗത്യ (എൻആർഎൽഎം)ത്തിന്റെ ഉപപദ്ധതിയാണ് എംകെഎസ്പി. വനിതാ കർഷകരുടെ ജെഎൽജികൾ (ജോയ്ന്റ് ലയബിലിറ്റി ഗ്രൂപ്പ് - കൃഷി സംഘങ്ങൾ) വഴിയാണ് പദ്ധതിയുടെ ഭാഗമായി കൃഷി നടത്തുന്നത്. ഒരു കൃഷി സംഘത്തിൽ നാല് മുതൽ പത്ത് വരെ അയൽക്കൂട്ട അംഗങ്ങളാണുണ്ടാകുക. ഇപ്പോൾ കേരളമാകെ 63000 ജെഎൽജികളിലൂടെ 3 ലക്ഷം കുടുംബശ്രീ വനിതകൾ ഉപജീവന മാർഗ്ഗം കണ്ടെത്തുന്നു. ആകെ 52490 ഹെക്ടർ സ്ഥലത്താണ് കൃഷി ചെയ്യുന്നത്. കേന്ദ്രത്തിന്റെ വിഹിതം കൂടാതെ കേരള സർക്കാരിന്റെയും ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെയും തൊഴിലുറപ്പ് പദ്ധതിയുടെയും ഫണ്ട് വിഹിതവും എംകെഎസ്പി പദ്ധതി വഴി നടത്തുന്ന കാർഷിക പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്.

**നാട്ടുചന്തകൾ**

കൃഷി സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾക്ക് ആഴ്ചതോറും വിപണനത്തിനായുള്ള മാർഗ്ഗമെന്ന നിലയിലാണ് നാട്ടുചന്തകൾ നടത്തുന്നത്. കുടുംബശ്രീ സൂക്ഷ്മ സംരംഭകരുടെ ഉത്പന്നങ്ങളും നാട്ടുചന്തകൾ വഴി വിപണനം നടത്തുന്നു. കൃഷി ചെയ്ത് ലഭിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുകയെന്ന കർഷകരുടെ പ്രധാന പ്രശ്നം ഇതുവഴി ഒഴിവാകുന്നു. ഇടനിലക്കാരെ ആശ്രയിച്ചാൽ തക്കതായ പ്രതിഫലം ലഭിക്കാതെ ചൂഷണത്തിന് ഇരയാകേണ്ടി വരുന്ന അവസ്ഥയിൽ നിന്നും നാട്ടുചന്തകൾ കർഷകർക്ക് രക്ഷയാകുന്നു. ഓരോ പഞ്ചായത്തിലെയും നാട്ടുചന്തകൾ എന്ന് സംഘടിപ്പിക്കുന്നു, വിറ്റുവരവ് എത്ര തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തിയ www.naattuchantha.com എന്ന വെബ്സൈറ്റും പ്രവർത്തിക്കുന്നു.

ഒരു പഞ്ചായത്തിന് കീഴിൽ വിവിധ വാർഡുകളിൽ കൃഷി ചെയ്യുന്ന കൃഷി സംഘങ്ങളെ നാട്ടുചന്ത നടത്തുന്ന ദിവസത്തെ കുറിച്ച് മുൻകൂട്ടി അറിയിക്കും. അതനുസരിച്ച് നാട്ടുചന്തകളിലേക്ക് ആഴ്ചതോറും ഉത്പന്നങ്ങളെത്തിക്കാനും ഉപഭോക്താക്കൾക്ക് നേരിട്ട് വിൽക്കാനും കുടുംബശ്രീ വനിതകളാ

യ കർഷകർക്ക് കഴിയും. കൃഷി സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ജീവ (ജെഎൽജി ഇവാലുവേഷൻ) സംഘമാണ് ഓരോ പഞ്ചായത്തിലെയും നാട്ടുചന്തകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. എല്ലാ സിഡിഎസുകളിലും നാട്ടുചന്തകൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ട ചുമതല കുടുംബശ്രീയുടെ ബ്ലോക്ക് കോർഡിനേറ്റർക്കുമാണ്. ഓരോ നാട്ടുചന്തയിലെയും വിറ്റുവരവിന്റെ കണക്കുകൾ സൂക്ഷിക്കുന്നതും ബ്ലോക്ക് കോർഡിനേറ്റർമാരാണ്.

**വിവിധ ജില്ലകളിൽ നടത്തിയ നാട്ടുചന്തകളും വിറ്റുവരവും**

| ജില്ല | 2018 ഏപ്രിൽ മുതൽ നടത്തിയ നാട്ടുചന്തകൾ | വിറ്റുപോയ കാർഷിക ഉത്പന്നങ്ങൾ (കിലോഗ്രാം) | കാർഷികേതര ഉത്പന്നങ്ങളുടെ വിൽപ്പന (രൂപയിൽ) | വിറ്റുവരവ് (രൂപയിൽ) |
|---|---|---|---|---|
| തിരുവനന്തപുരം | 1387 | 4,13,943 | 57,96,084 | 1,27,65,499 |
| കൊല്ലം | 372 | 59,911.1 | 4,49,327.7 | 27,68,560 |
| പത്തനംതിട്ട | 379 | 74287 | 310573 | 20,81,774 |
| ആലപ്പുഴ | 691 | 1,38,460.5 | 11,16,411.1478 | 51,38,577 |
| കോട്ടയം | 422 | 91332 | 7,16,649 | 36,97,012 |
| ഇടുക്കി | 518 | 75,829.4 | 4,89,502.5 | 35,27,416.5 |
| എറണാകുളം | 959 | 4,71,886.53 | 13,30,798.4 | 68,41,975.3 |
| തൃശ്ശൂർ | 1332 | 2,09,473.744 | 37,19,440.85 | 1,04,77,798.63 |
| പാലക്കാട് | 826 | 1,71,871.5 | 22,61,104 | 64,48,041 |
| മലപ്പുറം | 362 | 2,19,041 | 29,56,983.5 | 56,55,499 |
| കോഴിക്കോട് | 426 | 57,710.4 | 14,24,226 | 40,66,685 |
| വയനാട് | 254 | 65,966 | 8,44,824.5 | 30,60,619.9 |

| | | | | |
|---|---|---|---|---|
| കണ്ണൂർ | 373 | 74,400.076 | 7,64,715.5 | 41,07,146 |
| കാസർഗോഡ് | 793 | 2,10,113.9 | 30,83,913.5 | 68,78,759.5 |
| **ആകെ** | **9094** | **23,34,226.15** | **2,52,64,553.5978** | **7,75,15,362.83** |

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ